## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1925 — 22/03/2012 - ൽ മറുപടിക്ക്

## തയ്യിൽ-മുഴുപ്പിലങ്ങാട് തീരദേശറോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ എടക്കാട് ഗ്രാമപഞ്ചായത്തിലെ തയ്യിൽനിന്നും മുഴുപ്പിലങ്ങാട് വരെ പോകുന്ന പന്ത്രണ്ട് കിലോ മീറ്ററോളം വരുന്ന തീരദേശ റോഡിൽ രണ്ടോ മൂന്നോ പാലങ്ങൾകൂടി നിർമ്മിച്ച്, കട്ടുറോഡുകളെ വീതി കൂട്ടി ബന്ധിപ്പിച്ച് തയ്യിൽ-മുഴുപ്പിലങ്ങാട് തീരദേശറോഡ് യാഥാർത്ഥ്യമാക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ ? | (എ) | കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ടൂറിസ്റ്റ് കേന്ദ്രം മുതൽ കണ്ണൂർ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വരെ ഏകദേശം 10 കിലോമീറ്റർ ദൈർഘ്യമുള്ള, അഞ്ചു പാലങ്ങൾ ഉൾപ്പെട്ട ഒരു തീരദേശറോഡ് നിർമ്മിക്കാനുള്ള പദ്ധതി ടൂറിസം ഡയറക്ടർക്ക് ഹാർബർ എഞ്ചിനീയറിംഗ് കണ്ണൂർ എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ചിട്ടുണ്ട്. 15 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക അന്വേഷണ പ്രവർത്തനങ്ങൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമായി 15 ലക്ഷം രൂപ അനുവദിക്കാനും ടൂറിസം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ